# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 27**

---

# ബാഡ്മിന്റൺ കോർട്ട് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു

*മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ പുതിയതായി സജ്ജീകരിച്ച ഇൻഡോർ ബാഡ്മിന്റൺ കോർട്ട് സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ആദ്യ വർഷങ്ങൾ മുതൽ കായിക മേഖലയിൽ മഹാത്മാ ഗാന്ധി സർവകലാശാല നിലനിർത്തിവരുന്ന മികവിനുള്ള അംഗീകാരമായാണ് 57 കോടി രൂപയുടെ പുതിയ സ്പോർടസ് കോംപ്ലസ് പദ്ധതി സംസ്ഥാന സർക്കാർ അനുവദിച്ചതെന്ന് അദ്ദേഹം പറഞ്ഞു.*

*യുജിസിയുടെ കാറ്റഗറി 1 ഗ്രേഡഡ് ഓട്ടോണമി സ്വന്തമാക്കിയതിൽ സർവകലാശാലയെ മന്ത്രി അഭിനന്ദിച്ചു. ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ.ഡോ. സി.ടി അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റിലെ മറ്റ് അംഗങ്ങൾ, സെനറ്റ് അംഗങ്ങൾ, വകുപ്പ് മേധാവികൾ, വിവിധ സംഘടനാ പ്രതിനിധികൾ, അധ്യാപകർ, ജീവനക്കാർ വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*

**MGU -BADMINTON COURT (1)**

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻഡോർ ബാഡ്മിന്റൺ കോർട്ടിന്റെ ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.*

**MGU -BADMINTON COURT (2)**

*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ ഇൻഡോർ ബാഡ്മിന്റൺ കോർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ച മന്ത്രി വി. എൻ. വാസവൻ കോർട്ടിൽ ഇറങ്ങിയ പ്പോൾ.*

*(പി.ആർ.ഒ/39/1432/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ മൾട്ടീമീഡിയ, വിഷ്വൽ കമ്മ്യൂണിക്കേഷൻ ആന്റ് ഓഡിയോഗ്രഫി ആന്റ് ഡിജിറ്റൽ എഡിറ്റിംഗ് (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അ്ഡമിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് -പുതിയ സ്കീം മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പ്രൊജക്റ്റ് പരീക്ഷകൾ ഏപ്രിൽ മൂന്നു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

...............

*ആറാം സെമസ്റ്റർ ബി.എ സിബിസിഎസ്(പുതിയ സ്കീം, 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ മൃദംഗം പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ ഒന്ന് രണ്ട് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

...............

*നാലാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം, 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ ബി.എ ഭരതനാട്യം, മോഹിനിയാട്ടം പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ രണ്ടു മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

...............

*ആറാം സെമസ്റ്റർ ബിവോക്ക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെന്റഷൻ ആന്റ് ഓട്ടോമേഷൻ (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ ഏഴു മുതൽ മുതൽ മറമ്പള്ളി എംഇഎസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1433/2025)*

## സബ് സെന്ററുകൾ അനുവദിച്ചു

*ഏപ്രിൽ രണ്ടിന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം -പ്രൈവറ്റ് രജിസ്ട്രേഷൻ(2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അ*

*ഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ) പരീക്ഷ കൾക്ക് സബ് സെന്ററുകൾ അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. മാർച്ച് 28 മുതൽ ഹാൾ ടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജി സ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങ ളിൽ പരീക്ഷ എഴുതണം.*

*(പി.ആർ.ഒ/39/1434/2025)*

## കരാർ നിയമനം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലേക്ക് കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിൽ ഒരൊഴിവിൽ താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.* (www.mgu.ac.in) *ഫോൺ-0481 2733541.*

*(പി.ആർ.ഒ/39/1435/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ സ്പേസ് സയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ പത്തു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

.................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്), ഫിസിക്സ് (മെറ്റീരിയൽ സയൻസ്), സൈക്കോളജി (2023 അഡ്മി ഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1436/2025)*

## സമയപരിധി നീട്ടി

*രണ്ടാം സെമസ്റ്റർ എംജിയു-യുജിപി , എംജിയു ബിബിഎ എംജിയു ബിസിഎ (ഓണേഴ്സ് 2024 അഡ്മിഷൻ റഗുലർ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ മാർച്ച് 29 വരെയും ഫൈനോടുകൂടി ഏപ്രിൽ രണ്ടു വരെയും സൂപ്പർ ഫൈനോടുകൂടി ഏപ്രിൽ മൂന്നു വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1437/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**